**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3329** **11.05.2017-ൽ മറുപടിക്ക്**

ഉദയ് കരാർ പ്രകാരം കെ.എസ്.ഇ.ബിക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ

| | ചോദ്യം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. വി.ടി.ബൽറാം<br>ശ്രീ.അനിൽ അക്കര<br>ശ്രീ. എം. വിൻസെന്റ് : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി ഒപ്പുവച്ച ഉദയ് കരാർ പ്രകാരം എന്തെല്ലാം നേട്ടങ്ങളാണ് കെ.എസ്.ഇ.ബിക്ക് ഉണ്ടാകുന്നത്; | (എ) | സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി ഒപ്പുവച്ച ഉദയ് ധാരണാപത്രം പ്രകാരം കെ. എസ്. ഇ. ബിക്ക് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br>(1) DDUGJY - മുതലായ പദ്ധതികൾക്ക് ലഭിക്കുന്ന കേന്ദ്ര സർക്കാർ ഫണ്ടിന് മുൻഗണന ലഭിക്കുന്നതാണ്.<br>(2) അന്തർ സംസ്ഥാന വൈദ്യുതി പ്രസരണ ലൈനുകളുടെ പണി വേഗത്തിൽ പൂർത്തീകരിക്കുകയും വില കുറഞ്ഞ വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്നതാണ്.<br>(3) AT&C loss ഉം റവന്യൂ ഗ്യാപ്പും കുറയ്ക്കുന്നതിന് നടപടിയെടുക്കുന്നതിലൂടെ കെ. എസ്. ഇ. ബി ക്ക് സാമ്പത്തിക ഭദ്രത ഉറപ്പാകുന്നതാണ്.<br>(4) 100% ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ മീറ്റർ, 100% ഫീഡർ മീറ്റർ, പ്രതിമാസം 500 യൂണിറ്റിൽ കൂടുതൽ ഉപഭോഗമുള്ള ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ വയ്ക്കുക മുതലായവ പദ്ധതിയുടെ ഭാഗമാണ്.<br>(5) ERP നടപ്പിലാക്കുക, LED ബൾബ് വിതരണം, എല്ലാ ഉപഭോക്താക്കൾക്കും 24x7 |

| | | | |
|---|---|---|---|
| | | | മണിക്കൂർ വൈദ്യുതി വിതരണം എന്നിവ പദ്ധതിയുടെ ഭാഗമാണ്. |
| (ബി) | സംസ്ഥാനത്ത് നിശ്ചിത കാലയളവ് വരെ കറന്റ് ചാർജ്ജ് വർദ്ധനവ് വരുത്തരുതെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിരുന്നോ; എങ്കിൽ എന്നുവരെ; വിശദാംശം വ്യക്തമാക്കുമോ ? | (ബി) | നിർദ്ദേശിച്ചിരുന്നില്ല. ബാധകമല്ല. |
| (സി) | 2011 മുതൽ 2013 വരെയുള്ള സാമ്പത്തിക ബാധ്യത തീർക്കുവാനായിട്ടാണോ കേന്ദ്ര നിർദ്ദേശത്തിന് വിരുദ്ധമായി വൈദ്യുതി ചാർജ്ജിൽ വർദ്ധനവ് വരുത്തുവാൻ റഗുലേറ്ററി കമ്മീഷൻ ഉത്തരവായത്? | (സി) | 2011 മുതൽ 2013 വരെയുണ്ടായ റവന്യൂ കമ്മി കൂടി പരിഗണിച്ചുകൊണ്ടാണ് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ താരിഫ് പരിഷ്കരിച്ച് ഉത്തരവായത്. |

Hemalatha

**സെക്ഷൻ ഓഫീസർ**